നമ്പർ 386/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ഭരണസമിതിയംഗങ്ങളും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,

ഹൃദയം നിറഞ്ഞ സന്തോഷത്തോടുകൂടെയാണ് നാം ഇത് എഴുതുന്നത്. 2008 നവംബർ 16-ാം തീയതി കോട്ടയത്തു നടന്ന മഹാസമ്മേളനം മലങ്കര സഭയുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർത്തിരിക്കുകയാണ്. മാധ്യമലോകം വാനോളം പുകഴ്ത്തിയതും, പൂർണ്ണ അച്ചടക്കത്തോടുകൂടിയതുമായ റാലിയും സമ്മേളനവും നടത്തുവാൻ സാധിച്ചത് നമ്മുടെ വാൽസല്യമക്കളായ നിങ്ങൾ ഓരോരുത്തരുടേയും പ്രാർത്ഥനയും, ആത്മാർത്ഥതയും, സഹകരണവും മൂലമായിരുന്നു. പ. സഭയോടുള്ള നിങ്ങളുടെ ഭക്തിയും, കൂറും നമ്മെ വളരെ സന്തോഷിപ്പിക്കുന്നു. നമ്മുടെ എല്ലാ നിർദ്ദേശങ്ങളും ശിരസ്സാവഹിച്ച് മലങ്കര സഭയുടെ അഭിമാനം കാത്ത, യശ്ശസ്സ് ഉയർത്തിയ, നിങ്ങൾ ഏവരോടുമുള്ള നമ്മുടെ സന്തോഷവും, കൃതജ്ഞതയും നാം അറിയിക്കുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ.

2008 നവംബർ മാസം 17 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.